# ക്രിസ്തുവിലൂടെയുള്ള വീക്ഷണത്തിൽ എക്യുമെനിക്കൽ ദർശനം പൂർണമാകും: മാർ ക്ലീമിസ് കാതോലിക്കാ ബാവ

മാരാമൺ: ലോകത്തെ ക്രിസ്തുവിന്റെ ദർശനത്തിൽ ഉൾക്കൊള്ളാൻ കഴിയുന്നതിലൂടെയാണ് എക്യുമെനിസം പൂർണമാകുന്നതെന്ന് മേജർ ആർച്ച് ബിഷപ് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ. മാരാമൺ കൺവൻഷനിൽ ഇന്നലെ രാവിലെ നടന്ന എക്യുമെനിക്കൽ യോഗത്തിൽ സന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നുവെന്നു പഠിപ്പിച്ച യേശുക്രിസ്തു ലോകത്തെ എങ്ങനെ കണ്ടുവോ അതേ വീക്ഷണത്തിൽ മറ്റുള്ളവരെ കാണാൻ കഴിയുന്ന രൂപാന്തരീകരണത്തെ എക്യുമെനിസമെന്നു വിശേഷിപ്പിക്കാമെന്നു കാതോലിക്കാ ബാവ പറഞ്ഞു. പഴയ നിയമത്തിൽ മുൾപ്പടർപ്പുകൾക്കു നടുവിലും, ചെങ്കടൽ കടക്കുമ്പോഴുമൊക്കെ സാന്നിധ്യം അറിയിച്ച ദൈവം പുതിയ നിയമത്തിൽ ആളുകളിലൂടെയാണ് ലോകത്തിൽ ഇടപെട്ടത്. ഈ ഘട്ടത്തിന്റെ അവസാനത്തിൽ തന്റെ ഏകജാതനിലൂടെ സംസാരിക്കുകയും ചെയ്തു. ഇവിടെയെല്ലാം ബോധ്യമാകുന്നത് ദൈവിക സാന്നിധ്യമാണ്. ദൈവം നമ്മോടുകൂടെയെന്ന സന്ദേശം പഴയനിയമ, പുതിയ നിയമ കാലഘട്ടങ്ങളിൽ ലോകത്തിനു ബോധ്യപ്പെടുത്തി നൽകിയിരിക്കുന്നു.

വ്യത്യസ്തതയിലും ഒന്നിച്ചു പോകാൻ കഴിയുന്ന നാനാത്വത്തിൽ ഏകത്വമെന്ന സംസ്കാരത്തിനുടമകളാണ് ഭാരതീയർ. ഇതേ സംസ്കാരം സഭകളും ഉൾക്കൊള്ളാൻ തയാറാകണം. യേശുക്രിസ്തു കാട്ടിത്തന്ന ജീവിതത്തിനു വിരുദ്ധമായ സമീപനം ഒരു സഭയ്ക്കും സ്വീകരിക്കാൻ സാധ്യമല്ല. യുഗാന്ത്യത്തോളം ഞാൻ നിങ്ങളോടുകൂടെയുണ്ടെന്നുള്ളതാണ് യേശു നൽകിയ സന്ദേശം. താൻ സ്നേഹമാകുന്നുവെന്നും പ്രഘോഷിക്കപ്പെടുന്നു. ലോകത്തെ ന്യായം വിധിക്കാനെത്തുന്നവൻ പറയുന്നതാകട്ടെ ധൈര്യപ്പെടുവീൻ ഞാൻ ലോകത്തെ ജയിച്ചുവെന്നതാണ്. ഈ ധൈര്യപ്പെടുത്തൽ സഭകളുടെ ഐക്യത്തിനും, അതുവഴി ലോകമെങ്ങും പോയി സുവിശേഷം അറിയിക്കുന്നതിനും കാരണമാകേണ്ടതാണെന്ന് അദ്ദേഹം പറഞ്ഞു.

മനുഷ്യനിർമിത മതിൽക്കെട്ടുകൾ തകർത്ത് ഐക്യത്തിന്റെ ആത്മാവിനെ ഉൾക്കൊള്ളാൻ സഭകൾക്കു കഴിയണമെന്ന് ദേശീയ സഭാ കൗൺസിൽ പ്ര സിഡന്റ് ബിഷപ് താരാനാഥ് എസ്.സാഗർ മുഖ്യപ്രഭാഷണത്തിൽ ഉദ്ബോധിപ്പിച്ചു. യേശുക്രിസ്തുവിൽ സഭാ മക്കൾ എല്ലാവരും ഒന്നാണെന്ന ബോധ്യം ഉണ്ടാക്കിയെടുക്കുക, ഇതിലൂടെ ദൈവം ഏല്പിച്ച കടമകൾ നിർവഹിക്കുക. പ്രതിസന്ധികളെ കുരിശിലെ ആയുധമായ സ്നേഹം കൊണ്ട് നേരിടുകയും ചെയ്യണം. സങ്കുചിതമായ താത്പര്യ ങ്ങൾക്ക് എക്യുമെനിസത്തിൽ സ്ഥാനമില്ലെന്നും അദ്ദേഹം ചൂണ്ടി ക്കാട്ടി.

ഡോ.ഐസക് മാർ പീലക്സിനോസ് എപ്പിസ്കോ കോപ്പ യോഗത്തിൽ അധ്യക്ഷത വഹിച്ചു. ജോസഫ് മാർ കൂറിലോസ് വലിയ മെത്രാപ്പോലീത്ത, ബിഷപ് സാം മാത്യു, എപ്പിസ്കോപ്പാമാരായ ഡോ.ഗീവർഗീസ് മാർ തിയഡോഷ്യസ്, ജോസഫ് മാർ ബർണബാസ്, തോമസ് മാർ തിമോത്തിയോസ്, ഡോ.ഏബ്രഹാം മാർ പൗലോസ്, എം.ജി സർവകലാശാല മുൻ വൈസ് ചാൻസലർ ഡോ.സിറിയക് തോമസ്, എൻ.സി.സി.ഐ ട്രഷറർ അഡ്വ.സുരേഷ് കോശി തുടങ്ങിയവരും യോഗത്തിൽ പങ്കെടുത്തു.

ഉച്ചകഴിഞ്ഞ് സാമൂഹ്യതിന്മകൾക്കെതിരേ നടന്ന യോഗത്തിൽ കെ.സി.ബി.സി വൈസ് പ്രസിഡന്റ് ഡോ.ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത സന്ദേശം നൽകി. രാത്രി യോഗത്തിൽ റവ.മാർട്ടിൻ ലുൻഡ് പ്രസംഗിച്ചു.